# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3828** **15.03.2017-ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ ഭാഗ്യക്കുറി</u>**

<table>
<tr><td></td><td><u>ചോദ്യം</u><br>ശ്രീ.പി.കെ.ശശി</td><td></td><td><u>മറുപടി</u><br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>കാരുണ്യഭാഗ്യക്കുറി നടത്തിപ്പ് വഴി ലഭിക്കുന്ന പണം കൊണ്ട് സംസ്ഥാനത്തു നടത്തിവരുന്ന "കാരുണ്യ ചികിത്സാ പദ്ധതി" നടത്തിപ്പിൽ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ "സർക്കാർ/സ്വകാര്യ ആശുപത്രികൾക്ക്" ചികിത്സായിനത്തിൽ കൊടുത്തു തീർക്കേണ്ട തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം “സർക്കാർ/സ്വകാര്യ ആശുപത്രികൾക്ക്” 391.57 കോടിരൂപ കൊടുത്തുതീർക്കാനുണ്ടായിരുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ലോട്ടറി വിപണനം വഴി കഴിഞ്ഞ സർക്കാർ കാലയളവിൽ എത്ര തുക ലഭ്യമായി, അവ ഏതെല്ലാം പ്രവർത്തനങ്ങൾക്കു വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളുടെ വിൽപ്പനയിലൂടെ സമാഹരിച്ച തുക(വിറ്റുവരവ്), ചെലവുകൾ കഴിഞ്ഞ് (സമ്മാന വിതരണം, ഡിസ്കൗണ്ട്, അച്ചടിക്കൂലി, നികുതി, മറ്റ് അനുബന്ധ ചെലവുകൾ) ലഭിച്ച ഏകദേശ ലാഭം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളുടെ വിറ്റുവരവ് (കോടി രൂപയിൽ)</th><th>കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള ഏകദേശ ലാഭം (കോടി രൂപയിൽ)</th></tr>
<tr><td>2011-12</td><td>188.87<br>(കാരുണ്യ മാത്രം)</td><td>38.96<br>(കാരുണ്യ മാത്രം)</td></tr>
<tr><td>2012-13</td><td>464.61<br>(കാരുണ്യ മാത്രം)</td><td>105.25<br>(കാരുണ്യ മാത്രം)</td></tr>
</table>
</td></tr>
</table>

| | | | | |
|---|---|---|---|---|
| 2013-14 | 602.11 (കാരുണ്യ മാത്രം) | | 132.02 (കാരുണ്യ മാത്രം) | |
| 2014-15 | 695.28 (കാരുണ്യ) | 1376.91 | 141.80 (കാരുണ്യ) | 273.2 |
| | 681.63 (കാരുണ്യ പ്ലസ്) | | 131.40 (കാരുണ്യ പ്ലസ്) | |
| 2015-16 | 803.45 (കാരുണ്യ) | 1627.36 | 155.59 (കാരുണ്യ) | 303.55 |
| | 823.91 (കാരുണ്യ പ്ലസ്) | | 147.96 (കാരുണ്യ പ്ലസ്) | |
| 2016-17 (24.05. 16 വരെ) | 140.68 (കാരുണ്യ) | 261.88 | 30.93 (കാരുണ്യ) | 55.43 |
| | 121.20 (കാരുണ്യ പ്ലസ്) | | 24.50 (കാരുണ്യപ്ലസ്) | |
| | **ആകെ** | **4521.74** | | **908.41** |

കാരുണ്യ, കാരുണ്യപ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള വിറ്റുവരവ് ട്രഷറി മുഖേന സർക്കാർ ഖജനാവിലേക്കാണ് ഒടുക്കുന്നത്. കാരുണ്യ ബെനവലന്റ് പദ്ധതി മുഖേനയുള്ള ചികിത്സാ ധനസഹായ വിതരണത്തിനായി നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തിയ ശേഷം പ്രസ്തുത തുക സർക്കാർ ഉത്തരവ് മുഖേന കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുകയാണ് ചെയ്യുന്നത്.

**(സി)** പ്രസ്തുത ലോട്ടറി വിപണനം വഴി ഈ സർക്കാർ കാലയളവിൽ എത്ര തുക ലഭിച്ചു ;

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളുടെ വിൽപ്പനയിലൂടെ നാളിതുവരെ സമാഹരിച്ച തുക(വിറ്റുവരവ്), സമ്മാന വിതരണം ഉൾപ്പെടെയുള്ള ചെലവുകൾ കഴിഞ്ഞ് (ഡിസ്കൗണ്ട് അച്ചടിക്കൂലി, നികുതി തുടങ്ങിയ ചെലവുകൾ) ലഭിച്ച ഏകദേശ ലാഭം എന്നിവ ചുവടെ ചേർക്കുന്നു.

| ലോട്ടറി | വിറ്റുവരവ് (കോടി രൂപയിൽ) | ഏകദേശ ലാഭം (കോടി രൂപയിൽ |
|---|---|---|
| കാരുണ്യ 243-ാമത് (28-05-16) മുതൽ 283-ാമത് (04-03-17) ഭാഗ്യക്കുറി വരെ | 694.54 | 150.70 |
| കാരുണ്യപ്ലസ് 111-ാമത് (26-05-16) മുതൽ 149-ാമത് (02-03-17) ഭാഗ്യക്കുറി വരെ | 674.94 | 138.59 |
| **ആകെ** | **1369.48** | **289.29** |

| | | | |
|---|---|---|---|
| (ഡി) | കാരുണ്യലോട്ടറിയുടെ വിപണനം കാര്യക്ഷമമാക്കി പ്രസ്തുത ചികിത്സാ പദ്ധതി നടത്തിപ്പ് വിപുലീകരിക്കുന്നത് പരിഗണിക്കുമോ? | (ഡി) | 2011-ൽ കാരുണ്യ ലോട്ടറി ആരംഭിക്കുന്ന സമയത്ത് പ്രസ്തുത ഭാഗ്യക്കുറിയുടെ 13 ലക്ഷം ടിക്കറ്റുകളാണ് വിൽക്കപ്പെട്ടിരുന്നത്. പിന്നീട് ടി ഭാഗ്യക്കുറിയുടെ വിൽപ്പന കാര്യക്ഷമമാക്കിയതിലൂടെ (08-11-16-ൽ കേന്ദ്ര സർക്കാർ നോട്ട് അസാധുവാക്കൽ പ്രഖ്യാപിക്കുന്നതിന് തൊട്ട് മുൻപ് വരെ) കാരുണ്യ ഭാഗ്യക്കുറിയുടെ 40 ലക്ഷം ടിക്കറ്റുകൾ വിൽക്കപ്പെട്ടിരുന്നു. നോട്ട് അസാധുവാക്കലിനെ തുടർന്ന് വിൽപ്പനയിൽ ഗണ്യമായ കുറവുണ്ടായി. നിലവിൽ ടി ഭാഗ്യക്കുറിയുടെ 33 ലക്ഷം ടിക്കറ്റുകൾ വിൽക്കപ്പെടുന്നുണ്ട്. ചികിത്സാ പദ്ധതി നടത്തിപ്പ് വിപുലീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**